പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5846 — 26.03.2018 ൽ മറുപടിക്ക്

## ഔട്ട് പേഷ്യന്റ് ചികിത്സയ്ക്ക് ഓൺലൈൻ വഴി ബുക്കിംഗ് സംവിധാനം

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കായി ഓൺലൈൻ വഴി ബുക്ക് ചെയ്യാവുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഘട്ടം ഘട്ടമായിഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കേന്ദ്രീകൃത ഒ. പി. സംവിധാനം ഏർപ്പെടുത്തുന്നതിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) | രോഗിയുടെ ചികിത്സ ഓൺലൈൻ ഒ.പി.സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഏത് ആശുപത്രിയിൽ നടത്തിയാലും ചികിത്സാരേഖകൾ മറ്റൊരു ആശുപത്രിയിൽ (ഓൺലൈൻ സംവിധാനം നിലവിലുള്ള) സന്ദർശനം നടത്തുമ്പോൾ ലഭ്യമാകുന്നതാണ്. അതുവഴി അനാവശ്യമായ ലാബ് ടെസ്റ്റുകൾ പോലുള്ളവ ഒഴിവാക്കാനും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാനും സാധിക്കുന്നു. |
| (സി) | ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ; | (സി) | ഇ-ഹെൽത്ത് കേരളയുടെ വെബ്സൈറ്റിൽ (www.ehealthkerala.gov.in) ആധാർ കാർഡ് ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതിനുശേഷം സ്വന്തമായി ലോഗിൻ ചെയ്ത് ഓൺലൈൻ ഒ.പി.സംവിധാനം നിലവിലുള്ള ഏത് സർക്കാർ ആശുപത്രികളിലേയ്ക്കും ടോക്കൺ എടുക്കുന്നതിനുള്ള നടപടിക്രമം നിലവിൽ വരുത്തുന്നതിനായാണ് പദ്ധതിയിട്ടിട്ടുള്ളത്. |
| (ഡി) | ജനറൽ ആശുപത്രികൾ, ജില്ലാ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കുമോ ; വ്യക്തമാക്കുമോ; | (ഡി) & (ഇ) | ജനറൽ ആശുപത്രികൾ, ജില്ലാ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് ഈ സംവിധാനം വ്യാപിപ്പിക്കുന്നതാണ്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് ഈ സംവിധാനം നടപ്പിലാക്കുക. ഒ.പി.ചികിത്സക്കുള്ള ബുക്കിംഗ് ഓൺലൈൻ പോർട്ടൽ അല്ലാതെ മൊബൈൽ ആപ്പ്, ആശുപത്രിയിലെ KIOSK ഇവയിൽ കൂടെയും ബുക്ക് ചെയ്യാം. ഡോക്ടറെ കാണുന്ന രോഗിക്ക് അടുത്തതായി വരേണ്ട ദിവസത്തേക്കുള്ള Advance Review Token ഡോക്ടർക്ക് തന്നെ നൽകാവുന്ന നിലയിലേയ്ക്ക് സംവിധാനം ഒരുക്കുന്നതിനും അക്ഷയ സെന്റർ, കാൾ സെന്റർ ഇവ വഴിയും ഭാവിയിൽ ഇത് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഇ) | ഒ. പി. ചികിത്സയ്ക്കുള്ള ബുക്കിംഗ് ഓൺലൈൻ അല്ലാതെ എവിടെയെല്ലാം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ